**മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ**
**ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും**

**സർക്കുലർ നമ്പർ: 369**

***നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്***

കർത്താവിൽ വാത്സല്യമുള്ളവരെ,

ജൂൺ മാസം 7–ാം തീയതി ഞായറാഴ്ച നാം സഭയായി വൈദിക ദിനം ആചരിക്കുന്നതിന് ക്രമീകരിച്ചിരിക്കുകയായിരുന്നുവല്ലോ. കോവിഡ്–19 മൂലം ആരാധന നടത്തുവാൻ സാധിക്കാതെയിരിക്കുന്നു. അന്ന് നമ്മുടെ എല്ലാ വൈദീകരെയും ഓർത്ത് പ്രാർത്ഥിക്കുകയും സ്തോത്രം ചെയ്യുകയും വേണം. അവരുടെ ശുശ്രൂഷ പരിശുദ്ധാത്മ പ്രേരിതവും, ഏവർക്കും അനുഗ്രഹപ്രദവും ആയിത്തീരട്ടെ.

നമ്മുടെ വൈദീകരെയും അവരുടെ കുടുംബാംഗങ്ങളെയും രോഗാവസ്ഥയിൽ സഹായിക്കേണ്ട ചുമതല നമുക്കുണ്ട്. മരുന്നിന്റെയും ചികിത്സയുടെയും ചെലവുകൾ അനുദിനം നിയന്ത്രണാതീതമായി വർദ്ധിച്ചുവരികയാണ്. ചികിത്സയിൽ അച്ചന്മാരെ സഹായിക്കുന്നതിനു വേണ്ടിയാണ് പട്ടക്കാരുടെ ചികിത്സാ സഹായ നിധി ശേഖരിക്കുന്നത്. 2016 ഏപ്രിൽ 1–ന് നിലവിൽവന്ന പട്ടക്കാരുടെ ചികിത്സാ സഹായ പദ്ധതിപ്രകാരം ഓരോ പട്ടക്കാരനും, അദ്ദേഹം ശുശ്രൂഷ ചെയ്യുന്ന ഇടവകയോ സ്ഥാപനമോ അടിസ്ഥാന ശമ്പളത്തിന്റെ 4% വീതം (ആകെ 8%), ചികിൽസാസഹായ പദ്ധതിയുടെ മാസവരി അതാത് മാസത്തിന്റെ 30–ാം തീയതിക്കു മുമ്പായി സഭാ ഓഫീസിൽ അടയ്ക്കേണ്ടതാണ്. സജീവ സേവനത്തിലുള്ള എല്ലാ പട്ടക്കാരും ഈ ചികിത്സാസഹായ പദ്ധതിപ്രകാരം തങ്ങളുടെ വിഹിതം നിർബന്ധമായും അടയ്ക്കേണ്ടതാണ്. വീഴ്ച വരുത്തിയാൽ ശമ്പളത്തിൽ കുറവുചെയ്ത് ട്രസ്ററിമാർ വർഷാവസാനത്തിൽ അടയ്ക്കണമെന്ന അറിയിപ്പ് നൽകേണ്ടിവരുമെന്ന് അനുസ്മരിപ്പിക്കുന്നു. യഥാസമയം വരിസംഖ്യ അടയ്ക്കാത്ത പട്ടക്കാർക്ക് ഈ നിധിയിൽനിന്നും ഏതു സാഹചര്യത്തിലായാലും സഹായം നൽകാൻ സാധിക്കാതെവരും എന്നും അനുസ്മരിപ്പിക്കട്ടെ. ഒരു നല്ല ശതമാനം പട്ടക്കാർ കഴിഞ്ഞ വർഷം അപ്രകാരം വീഴ്ച വരുത്തിയതിനാൽ കുടിശിക ലിസ്ററ് അതാത് ഇടവകകളിലേക്ക് അയച്ചുകൊടുക്കുന്നതാണ് എന്നും ഓർമ്മിപ്പിക്കുന്നു. മാസവരി മുൻകൂറായി അടയ്ക്കാവുന്നതാണ്. സജീവ സേവനത്തിൽ ഇല്ലാത്ത പട്ടക്കാരുടെ വിഹിത ക്രമീകരണം മുൻപതിവുപോലെ നൽകാവുന്നതാണ്.

സ്തോത്രകാഴ്ച ശേഖരണം സംബന്ധിച്ച കാര്യങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

പ്രിയരെ, നമ്മുടെ പട്ടക്കാർ ശരീരത്തിലും മനസ്സിലും ആത്മാവിലും കൂടുതൽ ശക്തി പ്രാപിച്ച് സഭയിലും ലോകത്തിലും ദൈവ മഹത്വത്തിനായി പ്രവർത്തിപ്പാൻ ആവശ്യമായ കൃപകൾ ദൈവം ചൊരിയട്ടെ എന്ന് പ്രാർത്ഥിക്കാം.

കൃപ നിങ്ങളോട് ഏവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2020 ജൂൺ മാസം 1–ാം തീയതി,

J mmalabar: P

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**